# ദൈവസ്നേഹം

## സങ്കീർത്തനം 97:10

"യഹോവയെ സ്നേഹിക്കുന്നവരേ, ദോഷത്തെ വെറുപ്പിൻ. അവൻ തന്റെ ഭക്തന്മാരുടെ പ്രാണങ്ങളെ കാക്കുന്നു. ദുഷ്ടന്മാരുടെ കയ്യിൽ നിന്നു അവരെ വിടുവിക്കുന്നു."

സ്നേഹം തന്നെയായ ദൈവം തന്റെ മക്കളിൽ നിന്നും ആഗ്രഹിക്കുന്നതും ദൈവസ്നേഹമുള്ളവരായിരിപ്പാനാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവം വെറുക്കുന്ന കാര്യങ്ങളെ വെറുക്കുന്നു. സദൃ.8:13 'യഹോവഭക്തി ദോഷത്തെ വെറുക്കുന്നു' എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ഈ ഭക്തി അഥവാ ദൈവഭയം എന്നത് ഭീതിജനകമായ ഒരു ഭയമല്ല, മറിച്ച് ദൈവത്തോട് നല്ല ബന്ധം പുലർത്തുന്ന ഭക്ത്യാദരവോടുകൂടിയുള്ള ഭയം അഥവാ സ്നേഹം ആണ്. ഇങ്ങനെ ദൈവത്തെ സ്നേഹിക്കുന്നവർക്കു മാത്രമേ ദോഷത്തെ വെറുക്കുവാൻ സാധിക്കുകയുള്ളു. ദൈവം തന്റെ വചനം പ്രമാണിക്കുന്ന മക്കളെ സൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. നാം ദൈവീക സംരക്ഷണം അനുഭവിക്കുന്നു എങ്കിൽ എപ്പോഴും ദൈവത്തിൽ ആശ്രയിക്കുന്നവരും ആനന്ദിക്കുന്നവരും ആയിരിക്കും.

ലോകത്തിൽ അനേക പ്രയാസങ്ങളും പ്രതികൂലങ്ങളും ഉണ്ടാകാം. എന്നാൽ ദൈവസ്നേഹത്തിൽ നിലനിൽക്കുന്ന ഒരു ദൈവപൈതലിനെ ദൈവം തന്റെ സ്നേഹംകൊണ്ട് പൊതിയുന്നു. ആ സ്നേഹത്തിന് പരിമിതികളില്ല. അതുതന്നെയാണ് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. അവൻ ആത്മാർത്ഥതയോടും സൻമനസ്സോടുംകൂടി തന്റെ ഭക്തന്മാരുടെ പ്രാണനെ സൂക്ഷിക്കുന്നു. ദൈവം തന്റെ അധികാരവും ശക്തിയും ഉപയോഗിച്ച് തന്റെ ഭക്തന്മാരെ ദുഷ്ടന്മാരുടെ കൈകളിൽ നിന്നും വിടുവിക്കുന്നു. ലോകം വിറച്ചാലും ദൈവസ്നേഹത്തിൽ നിലനിൽക്കുന്ന നീതിമാനെ ദൈവം സംരക്ഷിക്കും. ഈ ദൈവത്തെ നാം എത്രമാത്രം സ്നേഹിക്കണം. ലോകം തരാത്ത സംരക്ഷണം ദൈവം നമുക്കു തരുന്നു. അവൻ നമുക്ക് നൽകിയിരിക്കുന്നത് ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടേയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയാണ്. ഈ ആത്മാവിൽ ആശ്രയിച്ച് നമുക്ക് ദൈവസ്നേഹമുള്ളവരായിരിക്കാം. ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ആ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കാൻ സാധിക്കുകയില്ല. അതിനായി സ്നേഹത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ടവരായി ദൈവത്തെ സ്നേഹിക്കുകയും മറ്റുള്ളവരിലേക്ക് ആ സ്നേഹത്ത പകർന്നു കൊടുക്കുന്നവരും ആയിരിക്കാം. എങ്കിൽ മാത്രമേ വചനം നമ്മെ ഓർപ്പിച്ചതുപോലെ ആ ദൈവീക സംരക്ഷണം അനുഭവിക്കുവാൻ

സാധിക്കുകയുള്ളു. ദോഷത്തെ വെറുത്ത് യഹോവയെ സ്നേഹിക്കുന്നവരാകുവാനും ആ സ്നേഹത്തിൽ നിലനിൽക്കുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

റോമർ 12:9

സ്നേഹം നിർവ്യാജം ആയിരിക്കട്ടെ. തീയതിനെ വെറുത്ത് നല്ലതിനോടു പറ്റിക്കൊൾവിൻ.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 016**